**Institute of Human Resources Development**
*(Established by Government of Kerala)*
Prajo'e Towers, Vazhuthacaud P O, Thiruvananthapuram- 695 014. Kerala.
Ph: +91 471 2322985, +91 471 2322501 Fax: +91 471 2322035
web: www.ihrd.ac.in. mail: director@ihrd.ac.in

**നമ്പർ.ഇഎ1/15902/2010/എച്ച്.ആർ.ഡി** **തീയതി, 28.11.2019**

# പരിപത്രം

**വിഷയം :-** ഐ. എച്ച്. ആർ. ഡി.- ഗ്രൂപ്പ് പേർസണൽ അപകട ഇൻഷ്വറൻസ് പദ്ധതി, 2020 - ജി.എസ്.ടി സംബന്ധിച്ച് - സ്പഷ്ഠീകരണം - നൽകുന്നത്

**സൂചന :-** 1 25.11.2019-ാം തീയതിയിലെ ഇതേ നമ്പർ ഇണ്ടാസ്
2 04.12.2017-ാം തീയതിയിലെ ഫിൻ ബി2/1000/2012/എച്ച്.ആർ.ഡി. നമ്പർ പരിപത്രം

സൂചനയിലെ ഇണ്ടാസ് പ്രകാരം 2020 വർഷത്തെ ഗ്രൂപ്പ് പേർസണൽ അപകട ഇൻഷ്വറൻസ് പദ്ധതിയുടെ പ്രീമിയം ജീവനക്കാരിൽ നിന്നും ഈടാക്കുന്നതും ആയത് ട്രഷറിയിൽ ഒടുക്കുന്നതും സംബന്ധിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. ഇൻഷ്വറൻസ് ഡിപ്പാർട്ട്മെന്റിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ ലഭ്യമായ വിവരങ്ങൾ പ്രകാരം ജി.എസ്.ടി ബാധകമായ ജീവനക്കാർക്ക് 18% ജി.എസ്.ടി. കൂടി ശമ്പളത്തിൽ നിന്ന് കിഴിവു വരുത്തി പ്രീമിയം മാത്രം ട്രഷറിയിലും ജി.എസ്.ടി. സ്ഥാപന മേധാവി നേരിട്ടു ഒടുക്കേണ്ടതാണ്. ആയതിനാൽ ജി.എസ്.ടി. ബാധകമായ ഐ.എച്ച്.ആർ.ഡി.യിലെ ജീവനക്കാരുടെ പ്രീമിയം തുകയായ 500/- രൂപയും 18% നിരക്കിൽ ജി.എസ്.ടി. തുകയും ജീവനക്കാരുടെ ശമ്പളത്തിൽ നിന്ന് കിഴിവു വരുത്തുകയും പ്രീമിയം തുക മാത്രം ഇണ്ടാസിൽ നിർദ്ദേശിക്കുന്ന പ്രകാരം ട്രഷറിയിലും ജി.എസ്.ടി ഇനത്തിൽ ശേഖരിക്കുന്ന തുക ഡയറക്ടർ, ഐ.എച്ച്.ആർ.ഡി. എന്ന പേരിൽ ഡിമാന്റ് ഡ്രാഫ്റ്റായി ഈ ഓഫീസിലേയ്ക്ക് സൂചനയിലെ പരിപത്രത്തിൽ പറയുന്ന നിബന്ധനകൾക്ക് വിധേയമായി അയച്ചു നൽകണം എന്ന് നിർദ്ദേശിക്കുന്നു.

ഒപ്പ്
**ഡോ.പി.സുരേഷ് കുമാർ**
**ഡയറക്ടർ**

പകർപ്പ്: -

എല്ലാ സ്ഥാപനമേധാവികൾക്കും (തുടർനടപടികൾക്കായി)
അഡീഷണൽ ഡയറക്ടർ
ഡെപ്യൂട്ടി ഡയറക്ടർ
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
ഫിനാൻസ് ഓഫീസർ
ഫിനാൻഷ്യൽ കൺസൾട്ടന്റ്
അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ
സി.എ 1 & സി.എ2
കരുതൽ ഫയൽ
ഓഫീസ് പകർപ്പ്

**അംഗീകാരത്തോടെ**
R.A.
**അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**

*Re1.28.11.2019*